## പതിമൂന്നാം കേരള നിയമസഭ
### നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ടചോദ്യം നം. 22** **05.03.2012-ൽ മറുപടിയ്ക്ക്**

## സപ്തധാരാ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എം.എ. വാഹീദ്**<br>**ശ്രീ. ബെന്നി ബെഹനാൻ**<br>**ശ്രീ. എം.പി. വിൻസെന്റ്**<br>**ശ്രീ. വി.റ്റി. ബൽറാം** | | **ശ്രീ. ഉമ്മൻചാണ്ടി**<br><br>**(മുഖ്യമന്ത്രി)** |
| എ) | സപ്തധാരാ പദ്ധതിയിൽ ഉൾപ്പെടുത്തി യിരിക്കുന്ന കർമ്മപരിപാടികളുടെ ലക്ഷ്യ ങ്ങൾ എന്തൊക്കെയാണ് ; | (എ) | കേരളത്തെ മാലിന്യമുക്തവും പരിസ്ഥിതി സൗഹൃദവുമാക്കുക, അഴിമതി രഹിതവും സാമ്പത്തിക രംഗത്ത് അതിവേഗം വളരുന്ന തൊഴിലില്ലായ്മരഹിത സംസ്ഥാന വുമാക്കി മാറ്റുക, സുശക്തമായ അടിസ്ഥാന സൗകര്യം ലഭ്യമാക്കുക, സൗജന്യമോ കുറഞ്ഞ ചെലവിലോ ആരോഗ്യ സേവനം ലഭ്യമാക്കുക, വിവരസാങ്കേതിക വിദ്യാ സേവനം സർവ്വസാധാരണമാക്കുക, മനുഷ്യ ശേഷി വികസനവും സുരക്ഷയും ക്ഷേമവും സാധിതമാക്കുക തുടങ്ങിയ വയാണ് സപ്തധാരാ പദ്ധതികളുടെ മുഖ്യലക്ഷ്യങ്ങൾ. |
| (ബി) | ഏതെല്ലാം വിഷയങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) | ഭരണസുതാര്യത, സമഗ്രകാർഷിക വികസനം, പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തി വിലക്ക യറ്റം നിയന്ത്രിക്കുക, മത്സ്യതൊഴിലാളി കളുടെ ഉന്നമനം, പോലീസ് സേനയെ ശക്തിപ്പെടുത്തൽ, വിദ്യാഭ്യാസ മേഖല യിലെ സമഗ്രമാറ്റം, ഐ.റ്റി. |

| | | | |
|---|---|---|---|
| | | | വികസനം, പരമ്പരാഗത തൊഴിൽ മേഖലകളുടെ പുനരുദ്ധാരണം, അടിസ്ഥാന സൗകര്യ വികസനം എന്നിവ ഉൾപ്പെടെ സംസ്ഥാനത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | എന്തെല്ലാം കാഴ്ചപ്പാടുകളോടെയാണ് പ്രസ്തുത പദ്ധതി ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നത്? | (സി) | സുതാര്യതയും സമഗ്രവികസനവുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**